ചെയ്തിരുന്നത്. ദേശീയപാതകളായി പ്രഖ്യാപിച്ചിട്ടുള്ള ഈ പാതകളുടെ വികസനത്തിനും അറ്റകുറ്റപ്പണികൾക്കും വേണ്ടിവരുന്ന എല്ലാ ചെലവുകളും കേന്ദ്ര ഗവണ്മെന്റ് വഹിക്കേണ്ടതാണ്. ഇവയെ ദേശീയപാതയുടെ നിലവാരത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അത്യാവശ്യം വേണ്ട അറ്റകുറ്റപ്പണികൾക്കുവേണ്ടിയുള്ള അടങ്കൽ കേന്ദ്രറോഡ് ഗതാഗത ദേശീയ പാത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ഈ പാതകളുടെ വിശദമായ സർവ്വേ നടത്തി അലൈൻമെന്റ് കേന്ദ്ര ഉപരിതല മന്ത്രാലയം അംഗീകരിച്ചതിനുശേഷം ഭൂമി ഏറ്റെടുത്താൽ മാത്രമേ ഇവയെ ദേശീയപാതയുടെ നിലവാരത്തിലേയ്ക്ക് കൊണ്ടുവരാനുള്ള സമഗ്രമായ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ആയതിനു വേണ്ടി ഇൻവെസ്റ്റിഗേഷൻ വർക്കുകളും അറ്റകുറ്റപ്പണികളും നടന്നുവരുന്നു. 2000-2001 വാർഷിക പദ്ധതിയിൽപ്പെടുത്തി ദേശീയപാത 212, വയനാട് റോഡിലെ ഹെയർപിൻ ബെൻഡ് 2, 3, 4 എന്നിവയുടെ പുനരുദ്ധാരണം 56.2 മുതൽ 56.8 വരെയുള്ള പശ്ചിമഘട്ട വികസനം, പൂജ്യം മുതൽ 15 കിലോമീറ്റർ വരെയും 66 മുതൽ 76 വരെയുമുള്ള 25 കിലോമീറ്റർ ദൂരം ദേശീയപാതയുടെ നിലവാരത്തിലേയ്ക്ക് ഗതാഗത യോഗ്യമാക്കുന്നതിനുള്ള പുനരുദ്ധാരണ പണി എന്നിവയ്ക്കുള്ള 651.1 ലക്ഷം രൂപയുടെ അടങ്കൽ കേന്ദ്ര ഉപരിതല വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 2001-2002 വാർഷിക പദ്ധതിയിൽപ്പെടുത്തി ദേശീയപാത 213-ലെ അപകടവളവ് നിവർത്തൽ, കൊട്ടിലങ്ങാടി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പുനരുദ്ധാരണം, 15 മുതൽ 30 വരെ കിലോമീറ്ററും 99 മുതൽ 112 വരെയുള്ള ആകെ 28 കിലോമീറ്ററും ദേശീയപാതയുടെ നിലവാരത്തിലേയ്ക്ക് ഉയർത്തൽ എന്നിവയ്ക്കുള്ള 721 ലക്ഷം രൂപയുടെ അടങ്കൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിലേയ്ക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ റോഡുകൾക്ക് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ ഭരണാനുമതി കിട്ടുന്ന മുറയ്ക്ക് ദർഘാസുകൾ ക്ഷണിച്ച് കരാറുകാരെ നിശ്ചയിച്ച് പണി പൂർത്തിയാക്കുന്നതാണ്. വരുന്ന വാർഷിക പദ്ധതിയിൽപ്പെടുത്തി കൂടുതൽ പണികൾ ചെയ്യുന്നതിനുവേണ്ടി നടപടികൾ ത്വരിതപ്പെടുത്തിവരികയാണ്.

മി. സ്പീക്കർ : ശ്രീ. ജോൺ ഫെർണാണ്ടസ്, ശ്രീ. പി. പി. തങ്കച്ചൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങളുടെ സബ്മിഷനുള്ള മറുപടികൾ ബഹുമാനപ്പെട്ട മന്ത്രി നാളെ പറയുന്നതാണ്. അതുകൊണ്ട് പ്രസ്തുത സബ്മിഷനുകൾ നാളെ അവതരിപ്പിക്കാം.

(11) കുണ്ടറ ശുദ്ധജല വിതരണപദ്ധതി കമ്മീഷൻ ചെയ്യേണ്ടതിന്റെ ആവശ്യകത

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, എന്റെ നിയോജക മണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതി കഴിഞ്ഞ അഞ്ചു കൊല്ലങ്ങളായി ഇന്നുവരും നാളെവരും എന്ന് പ്രതീക്ഷിച്ചിരിക്കുകയാണ്. അവിടെ പൈപ്പുകൾ ഇട്ടു. ടാങ്കുകളുടെ പണി തീർന്നു, ഇതൊക്കെ അഞ്ചുകൊല്ലം മുൻപാണ് നടന്നത്. മോട്ടോറുകൾ ഫിറ്റ് ചെയ്തു. പമ്പിംഗ് സ്റ്റേഷൻസ് ഒക്കെയായി. പക്ഷെ

LIBRARY ARCHIVES Kerala Legislative Assembly

ഇതുവരെ നാല് പഞ്ചായത്തുകൾ ഉൾപ്പെട്ട കുണ്ടറ കൊട്ടാരക്കര ശുദ്ധജല വിതരണ പദ്ധതി ഉത്ഘാടനം ചെയ്യപ്പെട്ടിട്ടില്ല. ഇതുവരെ വെള്ളം കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഗതികേട് കൊണ്ടാണ് ഞാനിത് പറയുന്നത്. കഴിഞ്ഞ അഞ്ചു കൊല്ലം മുൻപ് ഏതാണ്ട് പൂർത്തിയായ പദ്ധതിയാണ്. ഇതിലെ ഡിസൈനും പ്രൊപ്പോസലുമൊക്കെ ആകെ തെറ്റിയിരിക്കുകയാണ്. ടാങ്കിലേയ്ക്ക് വെള്ളം കയറുമ്പോൾ പ്രഷർ താങ്ങാൻ കഴിയാതെ പൈപ്പുകൾ പൊട്ടുകയാണ്. ഗുണ നിലവാരമില്ലാത്ത പൈപ്പുകളാണ് ഉപയോഗിച്ചിരിക്കുന്നത് എന്നാണ് ജനങ്ങൾ വിശ്വസിക്കുന്നത്. ടാങ്കുകളിലേയ്ക്ക് വെള്ളം കൊടുക്കാതെ എങ്ങനെ ഈ പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്ന് ആലോചിക്കണം. ഇനി അതിന് പ്രത്യേകിച്ച് ടാങ്കുകൾ ഉണ്ടാക്കാനും പമ്പുഹൗസുകൾ ഉണ്ടാക്കാനുമൊക്കെ സമയമെടുക്കും. ഉണക്കുമൂലം ഇത്തവണ കിണറുകളിൽ വെള്ളം വറ്റിയിരിക്കുകയാണ്. തോടുകളും കുളങ്ങളും വറ്റിവരണ്ടു. നദികൾപോലും വറ്റിക്കൊണ്ടിരിക്കുയാണ്. ഈ സാഹചര്യത്തിൽ പുനലൂർനിന്നും നേരിട്ട് പമ്പു ചെയ്തുവരുന്ന വെള്ളം താഴ്ന്ന പ്രദേശങ്ങളിൽ നിന്നും ആ ഗ്രാവിറ്റിയിൽ വിതരണം ചെയ്യാൻ കഴിയുമോയെന്നുള്ള കാര്യം അടിയന്തിരമായി ഗവണ്മെന്റ് പരിശോധിക്കണം. ഉദ്യോഗസ്ഥന്മാരോടൊക്കെ പറയുമ്പോൾ ഓരോരോ ന്യായങ്ങളാണ് അവർ പറയുന്നത്. ജനങ്ങൾ സ്ഥലം സൗജന്യമായി പഞ്ചായത്തിലേയ്ക്കു വിട്ടുകൊടുത്തിട്ടാണ് ടാങ്കുകൾ കെട്ടിയിരിക്കുന്നത്. ഈ ടാങ്കുകൾ ഇപ്പോൾ പ്രയോജനമില്ലാതെ കിടക്കുകയാണ്. അതുകൊണ്ട് ആകെ താറുമാറായ പദ്ധതി എന്നുള്ള നിലയ്ക്ക്, ദൈനംദിന മെയിൻപൈപ്പുകൾ പൊട്ടിക്കൊണ്ടിരിക്കുന്ന ഒരു പദ്ധതി എന്നുള്ള നിലയ്ക്ക്, വലിയ പ്രഷർ എടുക്കാതെതന്നെ തൽക്കാലം ഈ ഉണക്കുകാലത്ത് വെള്ളം കൊടുക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം. എന്റെ നിയോജക മണ്ഡലത്തിലെ നാല് പഞ്ചായത്തുകൾക്കുവേണ്ടിയുള്ളതാണ് ഈ സകീം. കേന്ദ്ര ഗവൺമെന്റ് പണം കൊടുത്തതനുസരിച്ച് നടപ്പിലാക്കിയതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇത് ഉത്ഘാടനം ചെയ്യാമെന്ന് അവസാനമൊക്കെ പ്രതീക്ഷിച്ചു. ഇപ്പോൾ അഞ്ചുവർഷം കഴിഞ്ഞിട്ടും യാതൊരു പണിയും നടക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയോടും ഉദ്യോഗസ്ഥന്മാരോടുമൊക്കെ ഞാൻ പറഞ്ഞു. അത് അങ്ങേയ്ക്ക് അറിയാം. ഞാൻ ഈ നിയമസഭയിൽ റൂൾ 304-ഓ റൂൾ 322-ഓ ഒന്നും ആവശ്യപ്പെട്ടിട്ടേയില്ല. ഇത് ഒരു ഗതികേടുകൊണ്ട് ആവശ്യപ്പെടുകയാണ്. പരേതനായ സീതിസാഹിബ് മഹാത്മാഗാന്ധിയുടെ പ്രസംഗം തർജ്ജിമ ചെയ്ത വാർത്ത കേട്ടിട്ടുണ്ട്. അദ്ദേഹം പറഞ്ഞു സർവ്വത്ര വെള്ളം, പക്ഷേ കുടിക്കാൻ വെള്ളമില്ല എന്ന്. കൊട്ടാരക്കര വഴി വെള്ളത്തിന്റെ പൈപ്പ് ലൈൻ അടിയിൽക്കൂടി പോകുകയാണ്. പക്ഷേ അവിടത്തെ വാട്ടർ സപ്ലൈ സ്കീമിൽ അത് ഉൾപ്പെടുന്നില്ല. എനിക്ക് ഗാന്ധിജിയുടെ പ്രസംഗം തർജ്ജിമ ചെയ്ത കാലഘട്ടമാണ് ഓർമ്മിപ്പിക്കാനുള്ളത്. വെള്ളം മണ്ണിനടിയിൽക്കൂടി ഒഴുകുന്നു. പക്ഷേ അവിടെയെങ്ങും ആളുകൾക്ക് കുടിക്കാൻ ഒരു തുള്ളിവെള്ളം പോലും, കിട്ടുന്നില്ല. ഈ ദുഃഖസ്ഥിതിയിൽ നിന്ന് കൊല്ലംകാരനും എന്റെ അയൽക്കാരനുമായ ബഹുമാനപ്പെട്ട മന്ത്രി ഞങ്ങളെ രക്ഷിക്കണം; സഹായിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

940/2010

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള): സർ, സാധാരണ ഇത്തരം കാര്യങ്ങൾ സഭയിൽ ഉന്നയിക്കുന്ന ആളല്ല അദ്ദേഹം. വളരെ ഗൗരവമുള്ള വിഷയമാണെന്ന് അദ്ദേഹത്തിന് ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് അദ്ദേഹം ഇത് ഉന്നയിച്ചത്. ഗൗരവമുള്ള പ്രശ്നമെന്നു പറഞ്ഞാൽ, ഇത് വളരെ വർഷങ്ങൾക്ക് മുൻപ് ആരംഭിച്ച ഒരു വാട്ടർ സപ്ലൈ സ്കീമാണ്. താറുമാറായി എന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. താറുമാറാക്കിയതാണ്. താറുമാറാക്കിയതിന്റെ സകല ഡീറ്റെൽസും അദ്ദേഹത്തിനറിയാം. കുളക്കട പഞ്ചായത്തുൾപ്പെടെ മറ്റ് ആറ് പഞ്ചായത്തുകൾക്ക് കൂടി പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ നെതർലാന്റ് ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ കുണ്ടറ ശുദ്ധജല വിതരണ പദ്ധതിയുടെ പണികൾ ഇപ്പോൾ ഏകദേശം പൂർത്തീകരിച്ചു കഴിഞ്ഞു. ട്രയൽ റൺ നടന്നു കൊണ്ടിരിക്കുന്നു. ട്രയൽ റൺ നടക്കുമ്പോഴാണ് പ്രശ്നങ്ങൾ ഉണ്ടാകുന്നത്. ബോംബ് പൊട്ടുന്നതുപോലെ പൈപ്പ് പൊട്ടിക്കൊണ്ടിരിക്കുകയാണ്. യാതൊരു ഗുണമേന്മയുമില്ലാത്ത പൈപ്പുകളാണ്. ഇതെല്ലാം ഇപ്പോൾ റീ-അറേൻജ് ചെയ്യുകയാണ്. റീ-അറേൻജ് ചെയ്താണ് ഇപ്പോൾ പദ്ധതി കമ്മീഷൻ ചെയ്യാൻ പോകുന്നത്. പദ്ധതിയുടെ ഭാഗമായി പനലൂർ കല്ലടയാറിന്റെ തീരത്ത് ഒരു കിണറിന്റേയും ഇളമ്പലിൽ 16 ദശലക്ഷം ലിറ്റർ ശേഷിയുള്ള ആധുനിക ശുദ്ധീകരണശാലയുടേയും പച്ചിലക്കുന്നിലും എഴുകോണിലും ഓരോ ബൂസ്റ്റിംഗ് സ്റ്റേഷനുകളുടേയും ഉന്നതല ജലസംഭരണിയുടേയും പൊരിക്കൽ, കുണ്ടറ, പേരയം എന്നിവിടങ്ങളിൽ ഉന്നതതല സംഭരണിയുടേയും ട്രാൻസ്മിഷൻ മെയിനുകളുടേയും പണി പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായുള്ള കുളക്കട പഞ്ചായത്തിൽ ഇതുവരെ ശുദ്ധജലം എത്തിക്കാൻ സാധിച്ചിട്ടില്ല. ഇതിനു കാരണം കൊട്ടാരക്കര ചന്തമുക്കിൽ പടിഞ്ഞാറുവശത്ത്, കൊല്ലം-ചെങ്കോട്ട റെയിൽവേ ലൈൻക്രോസ് ചെയ്ത്. പൈപ്പ് ലൈൻ സ്ഥാപിക്കാൻ സാധിക്കാത്തതാണ്. ഈ കാര്യത്തിനായി 1995-ൽ വാട്ടർ അതോറിറ്റി റെയിൽവേയ്ക്ക് നാലര ലക്ഷം രൂപ അടച്ചിട്ടുണ്ട്. നിരന്തരമായ സമ്മർദ്ദം വിവിധ തലങ്ങളിൽ നടത്തിയെങ്കിലും ഈ പണി റെയിൽവേയ്ക്ക് ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഇനിയും ആറുമാസം കൂടി വേണ്ടിവരും എന്നാണ് അവർ ഇപ്പോൾ അവസാനമായി അറിയിച്ചിട്ടുള്ളത്. കുളക്കട പഞ്ചായത്തിലെ എല്ലാ പണികളും വാട്ടർ അതോറിറ്റി പൂർത്തിയാക്കിയിട്ടുണ്ട്. റെയിൽവേ പൂർത്തിയാക്കേണ്ട പണികൂടി പൂർത്തിയാക്കിയാൽ കുളക്കട പഞ്ചായത്തിൽ മുഴുവൻ ശുദ്ധജല വിതരണം ചെയ്യാൻ കഴിയുന്നതാണ്. 1992-ൽ പദ്ധതി പുതുക്കി രൂപകൽപ്പന ചെയ്തപ്പോൾ ആദ്യം ഉദ്ദേശിച്ചിരുന്ന ഏഴ് പഞ്ചായത്തുകൾക്ക് പുറമെ കുണ്ടറ പദ്ധതിയുടെ പ്രധാന ട്രാൻസ്മിഷൻ ലൈനിൽ നിന്ന് ശുദ്ധജലം സംഭരിച്ച് വിളക്കുടി, വെട്ടിക്കവല, മേലില, കൊട്ടാരക്കര, എന്നീ പഞ്ചായത്തുകളിൽക്കൂടി ശുദ്ധജല വിതരണം നടത്താൻ തീരുമാനിച്ചു. എന്നാൽ ടാങ്ക് പണിയാൻ ആവശ്യമായ സ്ഥലം പഞ്ചായത്തിന് ലഭിക്കാത്തതിനാൽ വിളക്കുടി പഞ്ചായത്തിൽ പദ്ധതി നടപ്പാക്കാൻ കാലതാമസം നേരിടും. കൊട്ടാരക്കര പഞ്ചായത്തിൽ ഉന്നതതല സംഭരണിയുടെ പണി പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സംഭരണിയിൽ നിന്നും ജലവിതരണം ആരംഭിച്ചിട്ടില്ലെങ്കിലും സംഭരണിയിലേയ്ക്കുള്ള ട്രാൻസ്മിഷൻ മെയിനിൽ നിന്നും നേരിട്ടുള്ള പൈപ്പ് ലൈൻ മുഖേന കൊട്ടാരക്കര പഞ്ചായത്തിലെ 30 ടാപ്പുകളിൽ ജലവിതരണം നടത്താൻ ഇപ്പോൾ ഉദ്ദേശിക്കുന്നു. കൂടുതൽ ടാപ്പുകൾ സ്ഥാപിക്കുന്ന നടപടികളും അടിയന്തിരമായി സ്വീകരിക്കുന്നതാണ്. വെട്ടിക്കവല പഞ്ചായത്തിൽ 90 ശതമാനം പണി പൂർത്തിയായി. ബൂസ്റ്റിംഗ് സ്റ്റേഷനിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടിയും എടുത്തുകഴിഞ്ഞു. മേലില പഞ്ചായത്തിൽ നാഷണൽ ഹൈവേയിലുള്ള രണ്ട് ക്രോസിംഗിലെ ഒഴികെയുള്ള ബാക്കി പണികൾ പൂർത്തിയായി. വെട്ടിക്കവല, മേലില പഞ്ചായത്തുകളിൽ വരുന്ന മൂന്നു മാസങ്ങൾക്കുള്ളിൽ ശുദ്ധജലം പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയുന്നതാണ്. മാർച്ച് 3-ാം തീയതി കുണ്ടറ വാട്ടർ സപ്ലൈ സ്കീം ഭാഗികമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്ഘാടനം ചെയ്യുന്നതാണ്.

(12) കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : സർ, കൈത്തറി മേഖലയിൽ പണിയെടുക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളികൾ പട്ടിണിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതിന് വിവിധ കാരണങ്ങളാണുള്ളത്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. കൈത്തറി മേഖലയെ ദ്രോഹകരമായി ബാധിക്കുന്ന സത്യൻകമ്മിറ്റി റിപ്പോർട്ട് തള്ളിക്കളയാനുള്ള നടപടി സ്വീകരിക്കണം. അതുപോലെതന്നെ തൊഴിൽ നിയമത്തിലെ എല്ലാ ആനുകൂല്യങ്ങളും കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കണം. കൈത്തറി പ്രിസർവേഷൻ നിയമത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. മില്ലുകളിൽ ഉല്പ്പാദിപ്പിക്കുന്ന നൂലിന്റെ 50 ശതമാനം കഴിനൂലുകൾ ആയിരിക്കണമെന്ന കർശന നിർദ്ദേശം കൊടുക്കണം. അതുപോലെ തന്നെ രാസവസ്തുക്കൾക്കും കളറുകൾക്കും സബ്സിഡി അനുവദിക്കുകയും വേണം. കേരളത്തിന് ആവശ്യമുള്ള നല്ലയിനം പഞ്ഞിയും നൂലുകളുമെല്ലാം കയറ്റി അയയ്ക്കുകയാണ്. നമുക്ക് മേൽത്തരം കൗണ്ടുകൾ ലഭിക്കുന്ന പഞ്ഞി ലഭിക്കാനുള്ള നടപടി സ്വീകരിക്കണം. അത് കയറ്റി അയയ്ക്കരുത്. അതുപോലെ എല്ലാ തൊഴിലാളികളേയും സഹകരണ മേഖലയിൽ കൊണ്ടുവരുന്നതിനുള്ള നടപടിയുണ്ടാകണം. ഒറ്റത്തറിയിൽ പണിയെടുക്കുന്ന തൊഴിലാളികൾ ഈ സഹകരണ മേഖലയിൽ ഇല്ല. അതുപോലെതന്നെ ഗവൺമെന്റ് സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും ആവശ്യമുള്ള തുണികൾ സഹകരണ സംഘങ്ങളിൽ നിന്ന് എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും മദ്ധ്യവർത്തികളെ ഒഴിവാക്കുകയും വേണം. തുണികൾ വിറ്റഴിക്കുന്നതിന് സാധാരണ ഉത്സവ കാലങ്ങളിലാണ് റിബേറ്റ് അനുവദിക്കാറുള്ളത്. അത് വീണ്ടും അനുവദിക്കാനും സമയബന്ധിതമായി കൊടുക്കാനുമുള്ള നടപടി സ്വീകരിക്കണം. ഭവന നിർമ്മാണ ഗ്രാന്റ് അനുവദിക്കാനും കൈത്തറിത്തൊഴിലാളികൾക്കെല്ലാം തിരിച്ചറിയൽ കാർഡ് കൊടുക്കാനുമുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly